
മാഗസിൻ 2024

# കാഴ്ച



സെന്റ് മേരീസ് ഹൈസ്കൂൾ
ഇരിങ്ങാലക്കുട

# സെന്റ് മേരീസ് ഹൈസ്കൂൾ

## ഇരിങ്ങാലക്കുട





ജില്ല

ത്രിശ്ശൂർ

ഉപജില്ല

ഇരിങ്ങാലക്കുട

പ്രധാന അധ്യാപിക

റീജ ജോസ്

പി ടി എ പ്രസിഡന്റ്

മെഡ്‌ലി റോയ്

# സന്ദേശം



ഇരിങ്ങാലക്കുടയിലെയും സമീപപ്രദേശങ്ങളിലേയും ജനങ്ങളെ അറിവിന്റെ സംസ്കാരത്തിന്റെ ആത്മീയതയുടെ ഉയരങ്ങളിൽ എത്താൻ വെളിച്ചം നൽകിയ സെന്റ് മേരിസ് വിദ്യാലയം ഈ നാടിന്റെ ചരിത്രത്തിൽ എന്നും വിജയത്തിന്റെ നെറുകയിലാണ്.

ഈ വിജയത്തിൽ കഠിനാധ്വാനികളും അർപ്പണ ബോധം ഉള്ളവരുമായ അധ്യാപക-അനധ്യാപകരും ചേർന്ന് ഈ സ്കൂളിന്റെ ഉന്നതിക്കായി കൈകോർത്ത് പ്രവൃത്തിക്കുന്ന മാനേജ്മെന്റും പി ടി എ യും........

വിവിധങ്ങളായ ക്ലബുകളുടെ പ്രവർത്തനങ്ങൾ വഴിയായി അറിവിനൊപ്പം തിരിച്ചറിവും നേടാൻ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്ക് കഴിയുന്നു.ക്ലബുകളിൽ മികച്ച നിലയിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് ക്ലബിന് എല്ലാവിധ ആശംസകളും നേർന്നുകൊണ്ട്........

സ്നേഹപൂർവം....

-റീജ ജോസ്(ഹെഡ്മിസ്ട്രസ്)

# എഡിറ്റോറിയൽ



പ്രിയരെ,

ചരിത്രം ഒരിക്കലും തിരുത്തപെടാനുള്ളതല്ല.
അത് രേഖപ്പെടുത്തേണ്ടതാണ്.

കഴിഞ്ഞുപ്പോയ കാലങ്ങളെക്കുറിച്ച് നാളെയുടെ ലോകത്തിനു പ്രദർശിപ്പിക്കുമ്പോഴാണ് അഭിമാനവും അത്മസമർപ്പണവും പ്രകടമാകുന്നത്. നൂതന സാങ്കേതിക വിജ്ഞാനത്തിന്റെ വിഹായസിലേക്ക് ചിറക് നൽകിക്കൊണ്ട് ബാല്യ കൗതുകങ്ങളെ നോക്കി കാണുകയാണ്സെന്റ് മേരിസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് പ്രതിഭകൾ .അവരുടെ ഭാവനകൾക്ക് നിറവും വെളിച്ചവും നൽകി നിങ്ങളുടെ മുൻപിലേക്ക് പറന്നു വരുന്നു. ഇതിന്റെ ചിറകുകൾക്ക് വർണ്ണങ്ങൾ ചാലിച്ച കരങ്ങളെയും കരങ്ങളെ കോർത്തിണക്കിയ സാരഥ്യത്തെയും അഭിനന്ദിക്കുന്നു.

# ഇരിങ്ങാലക്കുടയിലെ വിദ്യാഭ്യാസ രംഗത്ത് തിളങ്ങി നിൽക്കുന്ന സെന്റ് മേരീസ് ഹൈസ്കൂൾ

പതിറ്റാണ്ടുകളായി വിജ്ഞാനത്തിന്റെ പ്രഭവ കേന്ദ്രമായി പരിലസിക്കുന്ന ഈ വിദ്യാലയം വിദൂരപ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്കുപ്പോലും ഏക ലക്ഷ്യമാണ്. സെന്റ് മേരീസ് വിദ്യാലയത്തിന്റെ മുൻ ഹെഡ്മിസ്ട്രസ് ശ്രീമതി മിൻസി ടീച്ചർ വിരമിച്ച ഒഴിവിലേക്ക് പുതിയ സാരഥിയായി ജൂൺ ഒന്നിന് ശ്രീമതി റീജ ജോസ് ടീച്ചർ ചുമതലയേറ്റു. ദീർഘവീക്ഷണവും നിശ്ചയദാർഢ്യവും പ്രകൃതിസ്നേഹവും ഒത്തിണങ്ങിയ ഹെഡ്മിസ്ട്രസ് ശ്രീമതി റീജ ടീച്ചറുടെ ശക്തമായ നേതൃത്വത്തിൽ കീഴിൽ ഒരേ കുടക്കീഴിലെന്നതുപ്പോലെ അദ്ധ്യാപകരും അനദ്ധ്യാപകരും രക്ഷാക്കർത്താക്കളും വിദ്യാർത്ഥികളും ഒത്തൊരുമയോടെ വിജയത്തിന്റെ പടവിലേറുന്നു. 2022-23 അദ്ധ്യയനവർഷത്തിൽ നമ്മുടെ വിദ്യാലയത്തിൽ 249 വിദ്യത്ഥികൾ എസ്.എസ്.എൽ.സി പരീക്ഷയെഴുതുകയും അതിൽ 42 വിദ്യാർത്ഥികൾ ഫുൾ പ്ലസ് നേടുകയും 17 പേർ 9 എ പ്ലസ് കരസ്ഥമാക്കുകയും ചെയ്തു. 100% ത്തോടെ തിളക്കമാർന്ന വിജയം.



## പ്രവേശനോത്സവം

ഇരിങ്ങാലക്കുട സെന്റ് മേരീസ് വിദ്യാലയത്തിലെ പ്രവേശനോത്സവം 2023 ജൂലൈ 1 ന് കത്തീഡ്രൽ അസിസ്റ്റന്റ് വികാരി ഫാ. ജോസഫ് തൊഴുത്തുങ്കൽ ഉദ്ഘാടനം ചെയ്തു. അന്നേദിവസം വിദ്യാർത്ഥികൾ അവതരിപ്പിച്ച മികവാർന്ന കലാപരിപാടികൾ പ്രവേശനോത്സവത്തിനു മാറ്റുക്കൂട്ടി.



കുട്ടികൾ പോഷക സമൃദ്ധമായ ഉച്ചഭക്ഷണ പരിപാടി ജൂൺ 1 ന് തന്നെ വിദ്യാലയത്തിൽ ആരംഭിച്ചു.

## പരിസ്ഥിതി ദിനം





ജൂൺ5 ന് എക്കോ ക്ലബിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനം സമുചിതമായി ആചരിച്ചു. ഇരിങ്ങാലക്കുട കൃഷി വകുപ്പ് ഓഫീസർ ശ്രീ എം.കെ ഉണ്ണി സ്കൂൾ പരിസരത്ത് വൃക്ഷ തൈകൾ വിതരണം ചെയ്യുകയും പരിസ്ഥിതിദിന സന്ദേശം നൽകുകയും ചെയ്തു.

## തിരുഹൃദയപ്രതിഷ്ഠ



ജൂൺ 16 തിയതി നമ്മുടെ വിദ്യാലയം ഈശോയുടെ തിരുഹൃദയത്തിന് സമർപ്പിച്ച് സ്കൂൾ മാനേജർ റവ. ഫാ. പയസ് ചിറപ്പണത്ത് തിരുഹൃദയപ്രതിഷ്ഠ നടത്തി.



## വായനാദിനം






ശ്രീ പി എൻ പണിക്കരുടെ ചരമദിനമായ ജൂൺ 19 ന് വായനാദിനം വിപുലമായ പരിപാടികളോടെ ആചരിച്ചു.

ദീപിക പത്രത്തിന്റെ നേതൃത്വത്തിൽ ദീപിക നമ്മുടെ ഭാഷപദ്ധതി ഉത്ഘാടനം ഇരിങ്ങാലക്കുട രൂപതാ മെത്രാൻ മാർ പോളി കണ്ണൂക്കാടൻ നിർവഹിച്ചു.



വായനാദിനം ഉദ്ഘാടനം സ്കൂൾ മാനേജർ റവ ഫാ പയസ് ചെറപ്പണത്ത് നിർവഹിച്ചു.

ഇരിങ്ങാലക്കുട കത്തീഡ്രൽ സി.എൽ.സിയുടെ നേതൃത്വത്തിൽ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സമ്മാനിച്ചു.ഒരോ ക്ലാസിലും ദീപിക മലയാളമനോരമ എന്നീ പത്രങ്ങൾ വായനക്കായി നൽകി വരുന്നു. വായനാവാരത്തോടനുബന്ധിച്ച് ഓരോ ദിവസവും ഇംഗ്ലീഷ് മലയാളം സംസ്കൃതം ഹിന്ദി ക്ലബുകളുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു.



**ലാബ്,ലൈബ്രറി**



മറ്റു വിദ്യാലയങ്ങളെല്ലാം മാതൃകയാകുന്ന വിധത്തിൽ വിശാലമായ പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന കമ്പ്യൂട്ടറൈസ്ഡ് ലൈബ്രററിയും സ്കൂൾ മാനേജ്മെന്റിന്റെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട കെ.എസ്ഇ സി എസ് ആർ ഫണ്ടിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് നിർമ്മിച്ച ഇന്റഗ്രേറ്റഡ് ലാബും നമ്മുടെ വിദ്യാലയത്തിൽ പ്രവർത്തിച്ചുവരുന്നു.

**യോഗദിനവും സംഗീതദിനവും**

അന്താരാഷ്ട്ര യോഗദിനവും
സംഗീതദിനവും വിവിധ
പരിപാടികളോ ടെ
നടത്തപ്പെട്ടു.
യോഗദിനവുമായ 1 ബന്ധപ്പെട്ട്
ഇരിങ്ങാലക്കുട പോലീസ്
ഉദ്യോഗസ്ഥൻ



യോഗാമാസ്റ്റേഴ്സ് എന്നിവരുടെ നേതൃത്വത്തിൽ വ്യത്യസ്ത പരിപാടികൾ സംഘടിപ്പിച്ചു. സംഗീതദിനവുമായി ബന്ധപ്പെട്ട വിദ്യാലയത്തിലെ സംഗീത അധ്യാപിക ശ്രീമതി എം എൻ കാർത്തികയുടെ നേതൃത്വത്തിൽ നടത്തിയ സംഗീത വിരുന്ന് കാതിന് കുളിർമഴയായി പെയ്തിറങ്ങി.





## ലഹരി വിമുക്ത ദിനം

ജൂൺ 26ന് ലഹരി വിമുക്ത സമൂഹത്തെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ സ്കൂളിൽ നടത്തിയ പരിപാടിയിൽ എക്സൈസ് ഡിപ്പാർട്ടമെന്റ് എസ് ഐ ശ്രീ സാബുവിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണക്ലാസും നടത്തി. തുടർന്ന് ലഹരിവിരുദ്ധറാലി നടത്തുകയും ചെയ്തു



## ചാന്ദ്രദിനം

ജൂലൈ21 ചന്ദ്രദിനത്തോടനുബന്ധിച്ച് പോസ്റ്റർ മത്സരം സംഘടിപ്പിച്ചു. ശ്രീ മെൽവിൻ മാഷിന്റെ നേതൃത്വത്തിൽ ചന്ദ്രനെക്കുറിച്ച് വിശദീകരിച്ചത് ഏറെ ശ്രദ്ധ നേടി.ആകാശ വിസ്മയങ്ങളെ കുട്ടികൾക്ക് അനുഭവവേദ്യമാകത്തക്കരീതിയിൽ 3D പ്ലാനിറ്റോറിയം ദർശനം നടത്തി.



## മെറിറ്റ് ഡേ

2022-23 ലെ എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുന്നതിനായി മെറിറ്റ് ഡേ നടത്തി.അതിനോടനുബന്ധിച്ച് പി ടി എ യുടെ തേതൃത്വത്തിൽ ആദരണീയം എന്ന സപ്ലിമെന്റ് പ്രകാശനം ചെയ്തു.ബിഷപ്പ് മാർ പോളി കണ്ണൂക്കാടിൻ മെറിറ്റ് ഡേ

ഉദ്ഘാടനം ചെയ്തു. ഫുൾ എ പ്ലസ് നേടിയവർക്കും ഒമ്പത് എ പ്ലസ് നേടിയവർക്കും പി.ടി.എ നൽകുന്ന മെമന്റോയും ക്യാഷ് അവാർഡും



## പി.ടി.എ പൊതുയോഗം

പി.ടി.എ പൊതുയോഗത്തിൽവെച്ച് രക്ഷിതാക്കൾക്കായി ബോധവത്കരണ



ക്ലാസ് നടത്തി. കൗൺസലിംഗ് വിദഗ്ധനായ ഡോ.സിജു തോമസ് തോട്ടാപ്പിള്ളി പാരന്റിങ്ങ് എന്ന വിഷയത്തെക്കുറിച്ച് ക്ലാസെടുത്തു. പി.ടി.എ



പ്രസ ിഡന്റ് ആയി ശ്രീമതി മെഡ്ലി റോയ്,വൈസ് പ്രസിഡന്റായി സിൽവി പോൾ എന്നിവരെ തെരഞ്ഞെടുത്തു.

## യൂത്ത് ഫെസ്റ്റിവൽ

നമ്മുടെ വിദ്യാലയത്തിലെ യൂത്ത് ഫെസ്റ്റിവൽ ആഗസ്റ്റ് 1, 2 തിയ്യതികളിലായി നടത്തപ്പെട്ടു. റവ ഫാ പയസ് ചെറപ്പണത്തിന്റെ അധ്യക്ഷത്തിൽ സിനി ആർടിസ്റ്റുകളായ ശ്രീ വിനോദ് തൈക്കാട്ടുശേരി , ശ്രീ അനിൽ മാടക്കൽ എന്നിവർ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു. അവർ നടത്തിയ ചിരി വിരുന്ന ഏവർക്കും മാനസിക ഉല്ലാസം പകർന്ന നൽകി. 287 പോയിന്റുകളോടെ ഗ്രീൻ ഹൗസ് ഒന്നാം സ്ഥാനം നേടി. സ്കൂൾ തല കലോൽസവത്തിൽ പട്ടം ചൂടി കുമാരി ഗായത്രി മധു കെ യും കലാപ്രതിഭാകിരീടം ചാർത്തി മുഹമ്മദ് ഹാനിഷ് കെ എ യും

കലാലോകത്തെ പവിഴമുത്തുകളായി മാറി.



## വിവിധ ക്ലബുകളുടെ ഉദ്ഘാടനം

ശാസ്ത്രരംഗത്തിന്റെ നേതൃത്വത്തിൽ ജൂൺ23 വിവിധ ക്ലബുകളുടെ ഉദ്ഘാടനം ഗുരുശ്രേഷ്ഠ അവാർഡ് ജേതാവ് ശ്രീ പോൾസൺ മാസ്റ്റർ നിർവഹിക്കുകയും ക്ലബുകളുടെ നേതൃത്വത്തിൽ വൈവിധ്യമാർന്ന പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.





## സ്വാതന്ത്ര്യദിനം

ആഗസ്റ്റ് 15 ന് നമ്മുടെ വിദ്യാലയത്തിലെ സ്വാതന്ത്ര്യദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു. ഹെഡ്മിസ്ട്രസ് ശ്രീമതി റീജ ടീച്ചർ രാവിലെ 8 :30 ന് പതാക ഉയർത്തി. പ്രച്ഛന്നവേഷം മൈം, ദേശഭക്തി ഗാനം എന്നിവയോടെ സ്വാതന്ത്യത്തിന്റെ 76മത്തെ വാർഷികം നല്ലരീതിയിൽ ആഘോഷിക്കപ്പെട്ടു.

## ഓണാഘോഷം

ഓണാഘോഷവുമായി ബന്ധപ്പെട്ട് വിപുലമായ പരിപാടികൾ വിദ്യാലയത്തിൽ സംഘടിപ്പിച്ചു. മാനേജ്മന്റ് , പി ടി എ , വിദ്യാർത്ഥികൾ ഏവരും ചേർന്ന് ഓണാഘോഷപരിപ്പാടികൾ കെങ്കേമമാക്കി. വിദ്യാലയത്തിലെ എല്ലാ കുട്ടികൾക്കും വിഭവസമൃദ്ധമായ ഓണസദ്യ ഒരുക്കിയത് പുത്തൻ അനുഭവമായി. ഓണാഘോഷയാത്ര ഓണക്കളി തിരുവാതിരക്കളി വടംവലി തുടങ്ങിയവ ഓണാഘോഷത്തിന് മാറ്റുക്കൂട്ടി.

## സംസ്കൃതദിനം




സംസ്കൃതദിനത്തിന്റെ പ്രൗഢഗംഭീരമായ ഉദ്ഘാടനം സെന്റ് മേരീസ് എച്ച് എസ് എസ് സംസ്കൃത അധ്യാപിക ശ്രീമതി മായ ടീച്ചർ നിർവഹിച്ചു. സംസ്കൃതഭാഷയിൽ മികവു പുലർത്തിയ കുട്ടികൾക്കുള്ള ക്യാഷ് അവാർഡ് അകാലത്തിൽ പൊലിഞ്ഞുപ്പോയ സംസ്കൃത അധ്യാപക വിദ്യാർത്ഥി ശ്രീ പ്രണവിന്റെ സ്മാരണാർത്ഥം അമ്മ സമ്മാനിച്ചു. ഈ വർഷം റിട്ടയർ ചെയ്യുന്ന സ്റ്റാഫ് അംഗങ്ങളായ ശ്രീമതി ഷൈബി ടീച്ചർ ഓഫീസ് അംഗങ്ങളായ ശ്രീമതി പുഷ്പം ശ്രീമതി ഷീല എന്നിവരെ പൊന്നാടയണിയിച്ച് ആദരിച്ചു. അന്നേദിവസം വിവിധ സംസ്കൃത കലാപരിപാടികൾ അവതരിപ്പിച്ചു.

## പഠനയാത്ര

പത്താം ക്ലാസിലെ വിദ്യാർത്ഥികൾ നാല് ബസുകളിലായി ഊട്ടിയിലേക്ക് പഠനവിനോദയാത്ര നടത്തി. സ്റ്റാഫംഗംങ്ങളുടെ വിനോദയാത്ര ആലപ്പുഴയിലേക്കായിരുന്നു.

## സ്കോളർഷിപ്പ്




2022-23 അക്കാദമിക വർഷത്തിൽ 9 വിദ്യാർത്ഥികൾ വിജയത്തിന്റെ തേരേറികൊണ്ട് യു എസ് എസ് സ്കോളഷിപ്പിനു അർഹരായി. ഇതിൽ മാസ്റ്റർ ഗൗരി ശങ്കർ ജോഷി ഗിഫ്റ്റഡ് സ്റ്റുഡന്റ് ആയി തെരഞ്ഞെടുക്കപ്പെട്ടു. 5 വിദ്യാർത്ഥികൾ എൻ എം എം എസ് സ്കോളർഷിപ്പ് നേടി വിദ്യാലയത്തിലെ മിന്നുന്ന താരങ്ങളായി.



ആദർഷ്,അഭിനവ്,എന്നിവർ NUMATS സ്കോളർഷിപ്പ് കരസ്ഥമാക്കി.

ലയൺസ് ക്ലബിന്റെ നേതൃത്വത്തിൽ വിദ്യാർഥി മിത്ര അവാർഡ് കുമാരി ഗായത്രി മധുവിന് നൽകി. 4000 രൂപ ക്യാഷ് പ്രൈസ് , അവാർഡ് ആയി ലഭിച്ചു.

സംസ്കൃത പ്രതിഭകളായ 6 വിദ്യാർഥികൾ സ്കോളർഷിപ്പിനു അർഹത നേടി

## വിവിധ തരം സംഘടനകൾ



വിവര സാങ്കേതിക വിദ്യയിൽ വിദ്യാർഥികളെ നിപുണരാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ലിറ്റിൽ കൈറ്റ്സ് വിദ്യാലയത്തിൽ സജീവമായി പ്രവൃത്തിച്ചു വരുന്നു. ജീവകാരുണ്യ പ്രവൃത്തനങ്ങൾ മുൻതൂക്കം നൽകുന്ന ജെ.ആർ.സി. സംഘടനയിൽ 8,9,10 ക്ലാസുകളിലെ 60 കുട്ടികൾ വീതം ഉൾപ്പെടുന്ന മൂന്ന് യൂണിറ്റുകളായി നൂറ്റിയെൺപെതോളം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു. 8th ക്ലാസിലെ നവാഗതരായ റെഡ്ക്രോസ് അംഗങ്ങളുടെ കാപ്പിങ്ങ് സെറിമണി ഒക്ടോബർ30 ന് വിദ്യാലയത്തിൽ നടന്നു.

സദാപ്രവർത്തന സനദ്ധരായി കർമ്മധീരതയോടെ നമ്മുടെ വിദ്യാലയത്തിലെ സ്കൗട്ട് ഗൈഡ് അംഗങ്ങൾ പ്രവർത്തിച്ചിക്കുന്നു.

## കരാട്ടെ പരിശീലനവും, അബാക്കസും



വിദ്യാർത്ഥികൾ ആത്മവിശ്വാസവും സ്വയം പ്രതിരോധശക്തിയും വളർത്തിയെടുക്കുന്നതിനായി കരാട്ടെ പരിശീലനവും പ്രവൃത്തിദിനങ്ങളായ എല്ലാ വെള്ളിയാഴ്ചകളിലും അബാക്കസ്

പരിശീലനവും നടത്തി വരുന്നു. ഡാൻസ് പ്രവൃത്തിപരിചയം തുടങ്ങിയ പാഠേതര മേഖലകളിൽ കുട്ടികളുടെ മികവ് ലക്ഷ്യമാക്കി ക്ലാസുകൾ നടത്തിവരുന്നു

**കായിക പരിശീലനം**



വിദ്യാലയത്തിലെ കായികാദ്ധ്യാപകരായ സിജോ മാസ്റ്റർ ജീന ടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ കായികാഭിരുചിയും കഴിവുകളും വളർത്തിയെടുക്കാനായി വിവിധ പരിശീലനങ്ങൾ നൽകി വരുന്നു.

സമ്മർക്യാമ്പ് ഈവനിംഗ് ക്യാമ്പ് എന്നിവയിലൂടെ പരിശീലനം നേടിയ കുട്ടികൾ ഉപജില്ല റവന്യൂ സ്റ്റേറ്റ് തലങ്ങളിൽ മികച്ച പ്രകടനം കാഴ്ച്ച വയ്ക്കുന്നു. മാസ്റ്റർ അഹാൻ സി ജീസ് ബാഡ്മിന്റനിൽ സ്റ്റേറ്റ് ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. റവന്യൂ ജില്ലാതലം ബാഡ്മിന്റനിൽ മാസ്റ്റർ സൂര്യനാരായണൻ ഒന്നാം സ്ഥാനം കരസ്ഥമാക്കി.







ST MARY'S HIGHER SECONDARY SCHOOL
IRINJALAKUDA
2023 SSLC FULL A+ WINNERS
2023 SSLC 9 A+ WINNERS


St.MARY'S H S S IRINJALAKUDA X A 2023-2024


St.MARY'S H S S IRINJALAKUDA X B 2023-2024


St.MARY'S H S S IRINJALAKUDA X C 2023-2024


St.MARY'S H S S IRINJALAKUDA X D 2023-2024


St.MARY'S H S S IRINJALAKUDA X E 2023-2024


ST'MARYS HSS IJK
RAJYAPURASKAR
Winners
ANTONY JOSIY
RICHARD JOY
SIVARAM SHAJI


ST MARY'S HSS IRINJALAKUDA
ANN MARIA PINTO
CONGRATULATIONS TO
THE RAJAPURASKAR
HOLDERS 2023-2024







# വാർഷിക ആഘോഷം

















# കായിക ദിനം















# ഓണാഘോഷം












Oppana U.P
2nd Agrade







Vattapattu H.S
1st Agrade




Ima. P. S
പാഠകം(A-grade)
Sarang Vasudevn
പാഠകം(B-grade)


Sriya Bijoy
U. P. Bharatha Natyam
A. grade


# ക ക്രിസ്തുമസ് ആഘോഷം












2023


Desabhakthiganam. H.S
2nd A Grade


2023






2023




DREAMS
GOVIND





# പ്രകൃതി സംരക്ഷണം

സ്വാഭിവകമായി നിലനിൽക്കുന്ന പ്രകൃതിയെ സംരക്ഷിക്കുന്നതിനായി ചെയ്യുന്ന പ്രവർത്തികളെയാണ് പ്രകൃതി സംരക്ഷണം എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. പ്രകൃതി നമ്മുടെ അമ്മയാണ്. ജലവും ജീവജാലങ്ങളും മരങ്ങളും പൂക്കളുമുള്ള സുന്ദരമായ പ്രകൃതിയെ മനുഷ്യൻ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

മനുഷ്യരുടെ അശ്രദ്ധമായ പ്രവർത്തികൾ പ്രകൃതി വിഭവങ്ങളുടെ അമിത ഉപയോഗം ജനസംഖ്യവർദ്ധനവ് നഗരവൽക്കരണത്തിന്റെ പേരിൽ മനുഷ്യൻ കാട്ടിക്കൂട്ടുന്ന പലതര മലിനീകരണ പ്രവർത്തനങ്ങൾ എന്നിവ പ്രകൃതിയിൽ മാറ്റം വരുത്തുന്നു. വനങ്ങൾ നശിപ്പിച്ചും വയലുകൾ നികത്തിയും വന്യമൃഗങ്ങളെ വേട്ടയാടിയും കുന്നുകളെ ഇടിച്ചും മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യുന്നു. ഇങ്ങനെ ഭൂമിയുടെ സന്തുലിതാവസ്ഥ താളം തെറ്റുമ്പോൾ പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുന്നു. ഇതിൽ നിന്ന് മോചനം ഉണ്ടാവണമെങ്കിൽ നാം പ്രകൃതിയെ സംരക്ഷിച്ചേ മതിയാകൂ. നമ്മുടെ ജീവിത കാലത്തിൽ ഒരു മരമെങ്കിലും നാം വെച്ചുപ്പിടിപ്പിക്കണം. നമ്മുടെ പരിസ്ഥിതിയും പ്രകൃതിവിഭവങ്ങളും വരും തലമുറയ്ക്ക് കൂടി ആവശ്യപ്പെട്ടതാണ് എന്ന് നാം മനസ്സിലാക്കണം. വരൂ നമ്മുക്ക് പ്രകൃതിയെ സംരക്ഷിക്കാം.

ആരവ് കെ പി



# തുളുമ്പുന്ന താരകങ്ങൾ

തന്നന്താത്മാവിലേതോ ഞാൻ നീറി നിൽപ്പെ
നീ മറഞ്ഞുപോയി കിളികളുമായി
ദൂരെ ഒരു രാക്കിളിപ്പാട്ടിൽ ഈണം പോലെ
മനം നിന്നെ തേടുകയായ്
ഞാനേ വെറുമൊരു നിലാപക്ഷിയായി
നിലാവിന്റെ അഴകിൽ പൂവിന്റെ
മനോഹരം ധളം തുളുമ്പുന്ന
താരകമായി ഞാൻ മാറി
ജീവിതത്തിൽ നീലാകാശം പോലെ
അതിൽ തങ്ങി കളിക്കുന്ന  വെണ്മതൻ
വേഴാമ്പൽ പോലെ നാം മാറുകയായ്
നീലാജാലകത്തിൽ തഞ്ഞിക്കളിക്കുന്ന രാകുരുവികൾ
നിലാവിന്റെ മാറിൽ മയങ്ങുന്ന അമ്പിളിയെ തലോടി
രാവും നിലാവും ഒന്നായി കാണുമ്പോൾ അതിൽ
നമ്മൾ ഒന്നായി ചേർന്നിടും
ജീവിതത്തിന്റെ വിസ്മയെ തീർക്കുന്ന
മഴവില്ല് പോലെ ഉതിച്ചു നിൽക്കുകയായ്
വിതിയുടെ ഏടിൽ താനോ ഒരു
അക്ഷരവ്യഞ്ജനമായി തീർന്ന
എൻ മനം തുടിക്കുന്ന നീലിമയാർന്ന
ആകാശം തൻ നെഞ്ചിൽ പതിച്ച
രത്നങ്ങളായ താമരയിതൾ പോലെ ഈ
ജീവിതിയുടെ മൂന്നു നാഴികക്കല്ലിൽ
പകർത്തു തീരാത്ത നഴികകൾ











## എന്നുവരും നീ ശലഭമേ

ചിത്രശലഭമേ എങ്ങോട്ടു പോകുന്നു?
എന്നെയും നീ കൂടെ കൂട്ടാമോ?
സുന്ദരി പൂക്കളെ തൊട്ടു തലോടുവാൻ
എന്നെയും നീ കൂടെ കൂട്ടാമോ?
പച്ചില തുമ്പിൻമേൽ തുള്ളിക്കളിക്കുവാൻ
എന്നെയും നീ കൂടെ കൂട്ടാമോ?
കാറ്റിന്റെ താഴ്വര നിനക്കായ് തുറന്നിടും
പാറിപ്പാറി ഉലസിപ്പാൻ
എന്നോടൊന്നും മിണ്ടാതെ
എങ്ങോട്ടാണീ പോവുന്നത്?
ചിത്രശലഭമേ നിന്നെ ഞാൻ
കാത്തിരിക്കും ഈ പൂന്തോട്ടത്തിൽ

ഗായത്രി മധു കെ

## ലോകം ഒരു കണ്ണാടിയാണ്

ഒരിക്കൽ ഒരിടത്ത് ഒരു മ്യൂസിയം ഉണ്ടായിരുന്നു. അതിനുള്ളിലെ എല്ലാ വസ്തുക്കളും വാതിലുകളും ജനാലകളും വരെ ഒരിക്കൽ അവിടുത്തെ ഉടമസ്ഥൻ മ്യൂസിയത്തിന്റെ വാതിൽ അടക്കുവാൻ മറക്കുന്നു. ഒരു നായ പതിയെ മ്യൂസിയത്തിനുള്ളിൽ പ്രവേശിക്കുന്നു. നായ മ്യൂസിയത്തിനകത്ത് എത്തിയതും അത് അതിന്റെ പ്രതിഫലനത്തെ മറ്റൊരു നായ് സംഘം ആണെന്ന് തെറ്റുദ്ധരിക്കുന്നു. ഇതു കണ്ടപ്പോൾ നായ പേടിച്ച് കുരക്കുവാൻ തുടങ്ങുന്നു. അതിന്റെ ശബ്ദത്തിന്റെ പ്രതിഫലനം നായ കേൾക്കുന്നു. പേടിച്ചുപ്പോയ നായ പേടിച്ച് കുരക്കുവാൻ തുടങ്ങി. അപ്പോഴേക്കും ഉടമസ്ഥൻ അവിടെ എത്തുന്നു. എന്നാൽ അദ്ദേഹം കണ്ടത് മരണപ്പെട്ട നായയുടെ ശരീരമായിരുന്നു. അവിടെ നായ സ്വയം പ്രതിഫലനത്തോട് പ്രതികരിച്ച് മരണപ്പെടുന്നു. നമ്മുക്ക് ചുറ്റുമുള്ളതെല്ലാം നമ്മുടെ ചിന്തകളും ആശയങ്ങളും പ്രവർത്തികളുമാണ്. ലോകം വലിയൊരു കണ്ണാടിപ്പോലെയാണ്. അതുകൊണ്ട് എപ്പോഴും നല്ലതു മാത്രം ചിന്തിക്കുക. മറ്റുള്ളവരോട് നല്ലതുപ്പോലെ പെരുമാറു

കൃഷ്ണപ്രിയ പി പി



എത്ര രാവും നിഴലായ് സംഗീതം
അത്രമേൽ തുണയായി ആശ്വാസം
മാനത്തു ശിലത്തീർത്ത വെൺമങ്കയാണു നീ
പൂമയിൽ ളുകിയ വസന്തമണ്ണ് നീ
നിലയായി നിന്നെ തുടിച്ചു നെഞ്ചിൽ
തുണയാകാൻ കൊതിച്ചു നീയ്യെൻ
രാവിൽ നിലാവു തെളിഞ്ഞു
നക്ഷത്ര താരകമായി ഞാൻ മാറി
നീ എൻ ആത്മാവിലേതോ ഒരു പുഷ്പമായി
എൻ ഉളളം തുടിക്കുന്നു നിന്നെ കാണാൻ
നിലാ പുഷ്പത്തിൽ ചാരിൽ ആടുന്ന
മാണിക്യ നറുമുത്തായ ചിറകിൽ
ഭൂമി വിട്ടണയുന്നു സൗന്ദര്യമാർന്ന
നറുകുരിവകൾ പോലെയാം തങ്ങൾ
എങ്ങോ മറന്ന ജീവനിലെ തുടുപ്പായ
നറുമഴ എങ്ങോ പോയി മാഞ്ഞു
പേമാരിയിൽ മുങ്ങിതീർന്ന ജാല
വേഴാമ്പൽ കുതിച്ചുയരുന്നു



















ആൻഗ്രേസ് ബൈജു









# അഭിനന്ദ് ശ്യാം

# നന്ദിയോടെ

**ലിറ്റിൽ കൈറ്റ്സ് ടീം**
**സെന്റ് മേരീസ് ഹൈസ്കൂൾ**
**ഇരിങ്ങാലക്കുട**
**23023**